വനംവകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

47. [748] ശ്രീ. പി. പി. ജോജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഹരിജനക്ഷേമവും മന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ വനംവകുപ്പുമന്ത്രിയുടെ ഇപ്പോഴത്തെ പ്രൈവറ്റ് സെക്രട്ടറി ആരാണ് ;

(ബി) മുൻ പ്രൈവറ്റ് സെക്രട്ടറിയെ മാറ്റുവാനുണ്ടായ കാരണമെന്ത് ?

ഉത്തരം

(എ) ശ്രീ. പി. വി. ശങ്കുണ്ണിവാര്യർ.

(ബി) മുൻ പ്രൈവറ്റ് സെക്രട്ടറിയുടെ ആവശ്യമനുസരിച്ചാണ് മാറ്റിയത്.

2. QUESTION OF PRIVILEGE

Alleged breach of privilege in respect of a reported statement of Shri A. K. Gopalan, M. P. that appeared in the Hindu dated August 18, 1969

മി. സ്പീക്കർ : ഇവിടെ ബഹുമാനപ്പെട്ട ശ്രീ. കെ. എം. ജോജ്ജ് ഒരു പ്രിവിലേജ് കമ്മറ്റ്യനും നോട്ടീസ് തന്നിട്ടുണ്ട്. അത് ഞാൻ വായിക്കാം.

9 A. M.]

In the "Hindu" dated 18th August, 1969, Mr. A. K. Gopalan, M. P. has issued a statement in New Delhi threatening the dissolution of the Kerala Assembly if the Kerala Land Reforms (Amendment) Bill 1969 is not passed. എന്നു പ്രസ്താവിച്ചിട്ടുണ്ട്. ശ്രീ. കെ. എം. ജോജ്ജിന്റെ അഭിപ്രായത്തിൽ ഇത് സഭയുടെ അവകാശത്തെ ബാധിക്കുന്ന ഒരു പ്രശ്നമാണ്. ഈ വസ്തുതയെ സംബന്ധിച്ചിടത്തോളം യാതൊരു അഭിപ്രായവും പറയാൻ ഞാനാഗ്രഹിക്കുന്നില്ല. കാരണം അദ്ദേഹം ഒരു പാർലമെന്റ് മെമ്പറാണ്. ഇതുപോലൊരു പ്രശ്നം മുൻപ് ഇവിടെ ഉന്നയിച്ചിട്ടുണ്ടായിരുന്നു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോനെ സംബന്ധിച്ചതായിരുന്നു അത്. അദ്ദേഹം പാർലമെന്റ് മെമ്പറായതുകൊണ്ട് ആ കാര്യം പാർലമെന്റിനു അയച്ചുകൊടുത്തു. ലോകസഭാ സ്പീക്കറാണ് അതിൽ പ്രിവിലേജ് ഉണ്ടോ എന്നു തീരുമാനിക്കേണ്ടത്. ആ ഒരു നടപടിക്രമമാണ് നാം സ്വീകരിച്ചിട്ടുള്ളത്. അതുകൊണ്ട് ഈ നോട്ടീസ് ലോകസഭാ സ്പീക്കർക്ക് അയച്ചു കൊടുക്കുന്നതാണ്.

ശ്രീ. ബേബിജോൺ : ഈ നോട്ടീസിൽ പ്രിവിലേജില്ലെന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്. അതുകൊണ്ട് ഇതു അയക്കേണ്ട ആവശ്യവുമില്ല. ഒരു പാർട്ടിയുടെ നേതാവ് അദ്ദേഹത്തിന്റെ പാർട്ടിയുടെ നയമനുസരിച്ചാണ് പറഞ്ഞത്. ഭൂനയബിൽ വളരെ വേഗം പാസാക്കണമെന്ന ആഗ്രഹംകൊണ്ടാണ് അദ്ദേഹം അതു പറഞ്ഞത്. അങ്ങനെ ചെയ്തില്ലെങ്കിൽ അദ്ദേഹത്തിന്റെ കക്ഷി ഇന്നതു ചെയ്യുമെന്നു പറഞ്ഞത് എങ്ങനെ പ്രിവിലേജാകുമെന്നു മനസിലാകുന്നില്ല.

റവന്യൂമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി): ഇതിന്റെ നിജസ്ഥിതി എന്താണെന്നു സഭയെ അറിയിക്കാൻ വേണ്ടിയാണ് ഞാൻ രണ്ടു വാക്ക് സംസാരിക്കുന്നത്. ശ്രീ. എ. കെ. ഗോപാലൻ ഇതുപോലെ പറഞ്ഞിട്ടുണ്ടോ എന്നു ആരും

LIBRARY ARCHIVES Kerala Legislative Assembly

തിരക്കിയിട്ടില്ല. അദ്ദേഹത്തിന്റെ പാർട്ടിയുടെ നിലപാടാണ് അദ്ദേഹം പറഞ്ഞത്. അദ്ദേഹം ഇങ്ങനെ പറഞ്ഞിട്ടുണ്ടോ എന്ന ചോദിച്ചാൽ അദ്ദേഹം ഇങ്ങനെ പറഞ്ഞിട്ടില്ലെന്നാണ് ഞാൻ മനസിലാക്കിയിട്ടുള്ളത്. ശ്രീ. എ. കെ. ഗോപാലനു് നിയമസഭ പിരിച്ചുവിടേണ്ടതു് എങ്ങനെയാണെന്ന അറിയാം.

ശ്രീ. ബേബിജാൺ : ഭൂനയബില്ലിനെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ പാർട്ടിയുടെ അഭിപ്രായം പറഞ്ഞതല്ലാതെ നിയമസഭ പിരിച്ചുവിടണമെന്ന പറഞ്ഞതായി ഞാൻ മനസിലാക്കിയിട്ടില്ല. അങ്ങനെ ഒരു റിപ്പോർട്ട് ഒരു പത്രത്തിലും വന്നിട്ടില്ല.

ശ്രീ. കെ. എം. ജോർജ്ജ് : ശ്രീ. എ. കെ. ഗോപാലൻ ഡൽഹിയിൽനിന്നും ഈ മാസം 17-ാം തീയതി പുറപ്പെടുവിച്ച പ്രസ്താവന എല്ലാ ഇംഗ്ലീഷ് പത്രങ്ങളിലും മലയാളപത്രങ്ങളിലും വന്നിട്ടുണ്ട്. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ പറഞ്ഞതും, ശ്രീ. എ. കെ. ഗോപാലൻ പറഞ്ഞതും തമ്മിൽ വ്യത്യാസമുണ്ട്. പനമ്പിള്ളി ഇവിടെ ഡ്രാഫ്റ്റു് ചെയ്യാൻ പോകുന്ന ബില്ലിനെപ്പറ്റിയാണു് പറഞ്ഞതു്. അതിനാണു് അവകാശലംഘനപ്രമേയം വന്നതു്. ശ്രീ. എ. കെ. ഗോപാലൻ പറഞ്ഞതു് അതല്ല. സെലക്റ്റുകമ്മിറ്റി റിപ്പോർട്ടുചെയ്ത ഒരു ബില്ലിനെ സംബന്ധിച്ചു് ഉടനടി അതു പാസാക്കിയില്ലെങ്കിൽ 'we will go to the people and the House will be dissolved.' എന്നാണു് അദ്ദേഹം പറഞ്ഞതു്. അതുകൊണ്ടാണു് ഞാൻ ഈ അവകാശലംഘനപ്രമേയം കൊണ്ടുവന്നതു്. കേരള നിയമസഭയുടെ പരിഗണനയിലിരിക്കുന്ന ഭൂപരിഷ്കരണബിൽ ഉടനടി പാസാക്കിയില്ലെങ്കിൽ കേരള നിയമസഭയിലെ അംഗങ്ങൾ വെളിയിൽ പോകേണ്ടിവരും, ഏലക്ഷൻ പോകേണ്ടിവരും എന്നു വളരെ വ്യക്തമായി പറഞ്ഞിരിക്കുകയാണു്. നിയമസഭ പിരിച്ചുവിടുന്നകാര്യം എങ്ങനെയാണെന്നുള്ളതു് അദ്ദേഹത്തിനു് അറിയാമായിരിക്കാം. ഇതിനെ സംബന്ധിച്ചു് ശ്രീമതി ഗൗരി പറഞ്ഞതിൽ കാര്യമില്ല. ഓരോ കാര്യങ്ങളും മനസിലാക്കുന്നതു് ഇവിടത്തെ അന്തരീക്ഷംകൂടി എന്താണെന്നു പരിശോധിച്ചിട്ടാണു്.

ശ്രീ. സി. കെ. ബാലകൃഷ്ണൻ : ഹിന്ദുപത്രത്തിൽ പറയുന്നതു് വിശ്വസിക്കാൻ നിവൃത്തിയില്ല.

ശ്രീമതി കെ. ആർ. ഗൗരി : ഞാൻ മുൻപു പറഞ്ഞതുപോലെ ഈ പത്രത്തിലെ റിപ്പോർട്ടു ഞാൻ കണ്ടില്ല. ശ്രീ. കെ. എം. ജോർജ്ജിന്റെ നോട്ടീസിൽ പറയുന്നതുപോലെ നിയമസഭ പിരിച്ചുവിടുകയുമെന്നു ശ്രീ. എ. കെ. ഗോപാലൻ പറയുമെന്നു ഞാൻ വിചാരിക്കുന്നില്ല. ഭൂപരിഷ്കരണനിയമം പാസാക്കുന്നതിനു് മുൻഗണന കൊടുക്കണമെന്ന അർത്ഥത്തിൽ മാത്രമേ അദ്ദേഹം പറഞ്ഞിട്ടുള്ളൂ. അതിനു് സാധിച്ചില്ലെങ്കിൽ ജനങ്ങളുടെ അടുക്കലേക്കു് പോകേണ്ടിവരുമെന്നുള്ളതു് അദ്ദേഹത്തിന്റെ പാർട്ടിയുടെ അഭിപ്രായമാണു്. ആ അഭിപ്രായം അദ്ദേഹം പ്രകടിപ്പിച്ചിട്ടുണ്ടാകണം. അല്ലാതെ നിയമസഭ പിരിച്ചുവിടണമെന്നൊന്നും അദ്ദേഹം പറഞ്ഞിട്ടില്ല. അതുകൊണ്ടു് ഇതിൽ ഒരു പ്രിവിലേജു് കാസ്റ്റ്യനുമില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഇവിടെ പരാമർശിക്കപ്പെട്ട കാര്യം കേരളത്തിലെ മലയാള മനോരമ, മാതൃഭൂമി, കേരളകൗമുദി മുതലായ പത്രങ്ങളിലും ഹിന്ദുവിലും വന്നിരുന്നു. മനോരമ പത്രത്തിലെ ഹെഡ്ഡിംഗിൽ ഭൂനയബിൽ പാസാക്കിയില്ലെങ്കിൽ നിയമസഭ പിരിച്ചുവിടുമെന്നു് അദ്ദേഹം പ്രസ്താവിച്ചതായിട്ടാണു് പറഞ്ഞിരിക്കുന്നതു്. എന്നാൽ അതിനുശേഷമുള്ള റിപ്പോർട്ടു് ആകെ വായിച്ചാൽ മനസിലാക്കാൻ സാധിക്കുന്നതു്, ഭൂപരിഷ്കരണബിൽ പാസാക്കാൻ സാധിക്കാത്തപക്ഷം ജനങ്ങളെ സമീപിക്കാൻ ഞങ്ങളും നിർബന്ധിതമായിത്തീരുമെന്നു പറഞ്ഞിരിക്കുന്നതായിട്ടാണു്. കേരളകൗമുദിയുടെ റിപ്പോർട്ടിൽ പറയുന്നതു് ഭൂപരിഷ്കരണബിൽ ഉടനടി പാസാക്കിയില്ലെങ്കിൽ ജനങ്ങളുടെ തീരുമാനം എന്തെന്നറിയാനും, അടുത്ത പടി എന്തെന്നു തീരുമാനിക്കാനുമായി ജനങ്ങളുടെ സമീപത്തേക്കു് പോകുന്ന കാര്യം ആലോചിക്കേണ്ടിവരുമെന്നാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. എം. ജോർജ്ജ് : ജനങ്ങളുടെ സമീപത്തേക്ക് പോകുക എന്ന പറഞ്ഞാൽ വോട്ടുമാത്രം വാങ്ങിക്കുക എന്ന കരുതിയിരിക്കുന്ന ആളുകളോട് എന്തെങ്കിലു പറഞ്ഞതുകൊണ്ട് എന്താണ് പ്രയോജനം ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ജനങ്ങളെ സമീപിക്കുക എന്നുവച്ചാൽ ജനങ്ങളുടെ അടുക്കൽപോയി ഈ കാര്യങ്ങൾ പറഞ്ഞു മനസിലാക്കുക എന്നുള്ളതാണ്. ജനപ്രതിനിധികളെ ബോധവാന്മാരാക്കാൻ ഉത്തരവാദിത്വമുള്ള ഒരു പാർട്ടിയുടെ സെക്രട്ടറി എന്ന നിലയിൽ അദ്ദേഹം ഈ കാര്യം പറഞ്ഞതാണ്. ഇതു ഞങ്ങളുടെ പാർട്ടിയുടെ സെക്രട്ടറിയുടെ അഭിപ്രായം മാത്രമല്ല, ഈ ബില്ലിനെ സംബന്ധിച്ച് ഈ സഭയിലെ പല പാർട്ടികളും ആംഗങ്ങളും ഈ അഭിപ്രായം പറഞ്ഞിട്ടുണ്ട്. പിലർ ഇതു പാസാക്കേണ്ട എന്നു പറഞ്ഞിട്ടുണ്ടെങ്കിലും, പല പാർട്ടികളും ഇതു ഉടനടി പാസാക്കണമെന്ന അഭിപ്രായമുള്ളവരാണ്. ഏതെങ്കിലും പത്രം ഹെഡ്ലിംഗ് കൊടുത്തതുകൊണ്ടുമാത്രം ഇതു പ്രിവിലേജാകുമെന്നു പറയേണ്ട കാര്യമില്ല. നിയമസഭ പിരിച്ചുവിടുക എന്നുള്ള അർത്ഥത്തിലല്ല അദ്ദേഹം പറഞ്ഞിട്ടുള്ളതു്. അതുകൊണ്ട് ഇതിൽ പ്രിവിലേജിന്റെ കസ്റ്റ്യൻ വരുന്നില്ല. പാർലമെന്ററിലേക്ക് അയച്ച് പ്രിവിലേജ് പ്രശ്നമുണ്ടോ എന്നു പരിശോധിക്കേണ്ട ആവശ്യവുമില്ലെന്നാണ് എനിക്കു പറയാനുള്ളതു്.

ശ്രീ. കെ. കരുണാകരൻ : അങ്ങു് റൂളിംഗ് നൽകിയിരിക്കുകയാണ്. ഇതു് ഈ സഭയുടെ പരിഗണനക്കു് വന്നിരുന്നുവെങ്കിൽ പർച്ചയ്സ് അടിസ്ഥാനമുണ്ട്. അങ്ങനെയുള്ള സാഹചര്യത്തിൽ സഹായകമായ റൂളിംഗുകളും ഉദ്ധരിക്കാൻ സാധിക്കുമായിരുന്നു. അപ്പോഴാ ആ പ്രശ്നം ഇവിടെയില്ല. ഇതു് ലോകസഭാ സ്പീക്കർക്കു് അയച്ചുകൊടുക്കുമെന്നു് അങ്ങു് പറഞ്ഞു. ഇതേസംബന്ധിച്ചു് പ്രിവിലേജ് ഉണ്ടോ ഇല്ലയോ എന്നു് ഇപ്പോഴാ പറയാൻ സാധിക്കുകയില്ല. ആ സ്ഥിതിക്കു് പാർലമെന്ററിൽ അയച്ചു് പ്രിവിലേജ് ഉണ്ടോ ഇല്ലയോ എന്നു പരിശോധിച്ചു് ശുപാർശ അയക്കാൻ പറയുന്നതിൽ തെറ്റുണ്ടെന്നു തോന്നുന്നില്ല.

ശ്രീ. ടി. എ. മജീദ് : ലോകസഭാ സ്പീക്കർക്കു് അയക്കുമെന്നു് അങ്ങു് പറഞ്ഞതു് ഒന്നുകൂടി പരിശോധിച്ചിട്ടു്, അയക്കേണ്ട ആവശ്യമുണ്ടോ എന്നു നോക്കിയിട്ടു് അയച്ചാൽ കൊള്ളാമെന്നാണ് എന്റെ വിനീതമായ അഭിപ്രായം. സ്റ്റേറ്റുമെന്റു് ശരിയാണോ അല്ലയോ എന്നുള്ളതിനെ സംബന്ധിച്ചു് അഭിപ്രായവ്യത്യാസമുണ്ടു്. അതെല്ലാം ഒന്നുകൂടി പരിശോധിച്ചതിനുശേഷം അയക്കണമോ വേണ്ടയോ എന്നു തീരുമാനിക്കുന്നതായിരിക്കും നല്ലതെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. കെ. കരുണാകരൻ : റൂളിംഗ് നൽകിയതിനുശേഷം പിന്നെയും അതേക്കുറിച്ചു് സംസാരിക്കുന്നതു് ശരിയാണോ ?

ശ്രീ. സി. എച്ചു്. മുഹമ്മദുകോയ: അതിനുശേഷമാണല്ലോ മിസ്റ്റർ കരുണാകരൻ സംസാരിച്ചതു് ?

മി. സ്പീക്കർ : ഇതേപ്പറ്റി അഭിപ്രായവ്യത്യാസമുണ്ടാകേണ്ട കാര്യമില്ല. ഞാൻ റൂളിംഗൊന്നും നൽകിയിട്ടില്ല. റൂളിംഗ് നൽകേണ്ട ആവശ്യവുമില്ല. ലോകസഭയിലേക്കു് അയച്ചുകൊടുക്കുകയാണ് എന്റെ ഉദ്ദേശം. അതല്ല സഭയുടെ അഭിപ്രായം മറിച്ചാണെങ്കിൽ ഇതു അയക്കണമോ വേണ്ടയോ എന്നുള്ള കാര്യം റീകൺസിഡർ ചെയ്യാം. അതിൽ തെറ്റില്ല.

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : ഇതിൽ എന്തെങ്കിലും പ്രിവിലേജ് പ്രശ്നമുണ്ടോ എന്നുള്ളതു് മിസ്റ്റർ ജോർജ്ജ് ആരായുകയല്ലേ നല്ലതു്. അദ്ദേഹം വേണമെങ്കിൽ അതു് ലോകസഭാ സ്പീക്കർക്കു് അയച്ചുകൊടുക്കട്ടെ. അങ്ങു് എന്തിനാണ് ഈ പാഴ് വേലക്കു് മുതിർന്നു് ഇതിൽ ഒരു തീരുമാനമെടുക്കണം ?

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി ഞാൻ പാഴ്വേലക്കു് മുതിർന്നു എന്നു പറഞ്ഞതു് ഖേദകരമായിപ്പോയി. എന്റെ മുൻപിലിരിക്കുന്ന കടലാസുകളും നോക്കിയാണു് ഞാൻ തീരുമാനം എടുക്കുന്നതു്. തീച്ചയായും ഇതിൽ പ്രഥമദൃഷ്ട്യാ കേസുണ്ടോ എന്നുപോലും തീരുമാനിക്കേണ്ട കാര്യം എനിക്കില്ല. എന്റെ മുൻപിൽ ഇങ്ങനെയൊരു നോട്ടീസു് കിട്ടിയപ്പോൾ അതു് അയച്ചുകൊടുക്കേണ്ടതു് എന്റെ ഉത്തരവാദിത്വവും കടമയുമായതുകൊണ്ടു് ആ നിർദ്ദേശം ഞാൻ സഭയുടെ മുൻപിൽ വച്ചു എന്നല്ലാതെ റൂളിംഗു് ഒന്നും ഞാൻ നൽകിയിട്ടില്ല. ഏതായാലും ബഹുമാനപ്പെട്ട മന്ത്രി അങ്ങനെ പറഞ്ഞതു് ഖേദകരമായിപ്പോയി.

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : അങ്ങയുടെ നടപടിയെ സംബന്ധിച്ചു ഞാൻ പറഞ്ഞതു് എന്തെങ്കിലും reflection ഉണ്ടാകണമെന്നു ഉദ്ദേശിച്ചല്ല.

Mr. Speaker : So I send it to the Lok Sabha Speaker to take whatever action he deems fit.

3. ADJOURNMENT MOTION

Strike in the Sankar's Paints and Oils Company, Shertallai

മി. സ്പീക്കർ : ബഹുമാനപ്പെട്ട തൊഴിൽമന്ത്രിക്കു് ഇന്നലെ ശ്രീ. കെ. കെ. കുമാരപിള്ള ഉന്നയിച്ച അടിയന്തിരപ്രമേയത്തെ സംബന്ധിച്ചുള്ള വിവരം ഇപ്പോൾ നൽകാവുന്നതാണു്.

തൊഴിൽമന്ത്രി (ശ്രീ. മത്തായിമാഞ്ഞൂരാൻ) : ചേർത്തലയിലുള്ള ശങ്കേഴ്സ് പെയിൻറ്സ് ആൻറു് ഓയിൽസ് കമ്പനിയിൽ ഒരു സ്ട്രൈക്കു് നടക്കുന്നു എന്നുള്ളതു് ശരിയാണു്. ഇതിനെ സംബന്ധിച്ചു് ഡിപ്പാർട്ടുമെൻറിന്റെ ഏ. എൽ. ഓ. മാരോ, ഡി. എൽ. ഒ. മാരോ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ അതു് ഇന്നലെക്കൊണ്ടു് അറിയാൻ സാധിച്ചിട്ടില്ല. എന്നാൽ ഇന്നലെത്തന്നെ സംസ്ഥാനത്തെ ലേബർ കമ്മീഷണറെ വിളിച്ചു് ഈ കാര്യത്തെപ്പറ്റി അതിവേഗം അന്വേഷണം നടത്തണമെന്നും കഴിയുന്നതും വേഗം ഒത്തുതീർപ്പിൽ എത്തിക്കുന്നതിനുള്ള എല്ലാ പരിശ്രമങ്ങളും തുടരണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ടു്. അദ്ദേഹം അങ്ങനെ ചെയ്യാമെന്നും പറഞ്ഞിട്ടുണ്ടു്. ഇന്നുതന്നെ മാനേജുമെൻറിനേയും നേതാക്കന്മാരെയും അറിയിച്ചു് അതിവേഗം ഒരു അനുരഞ്ജന സംഭാഷണം നടത്തി ഇക്കാര്യം തീർക്കാൻ അദ്ദേഹം പരിശ്രമിക്കാമെന്നു് ഏൽക്കുകയും ചെയ്തിട്ടുണ്ടു്. അവിടെ അതിൽപ്പരം പ്രത്യേകമായ പരിതഃസ്ഥിതിയൊന്നും ഉള്ളതായിട്ടു് ലേബർ കമ്മീഷണറോടും തിരുവനന്തപുരത്തുള്ള ആഫീസറോടും ചോദിച്ചിട്ടു് മനസിലാക്കാൻ സാധിച്ചിട്ടില്ല. അതിനുപുറമെ ഒരു ലക്ഷം രൂപവണ്ടിത്തൊഴിലാളികളും പണിമുടക്കു് നടത്തിയിരുന്നതുകൊണ്ടു് അതിന്റെ അനുരഞ്ജന കാര്യങ്ങളിൽ ലേബർ കമ്മീഷണർക്കു് അഞ്ചാറു ദിവസമായിട്ടു് ജോലി ഉണ്ടായിരുന്നതുകൊണ്ടു് ഇന്നലെയും ഈ പറഞ്ഞ ഉദ്യോഗസ്ഥനെ കാൺഡാക്ടു് ചെയ്യുന്നതിനോ, എന്തെല്ലാം സംഭവിച്ചു എന്നറിയുന്നതിനോ ശ്രമിച്ചിട്ടു് സാധിച്ചിട്ടില്ല. എങ്കിലും ഊർജ്ജിതമായി നടപടികളും ഉടനെ നടത്തുന്നതായിരിക്കും.

4. CALLING ATTENTION UNDER RULE 61

മി. സ്പീക്കർ : റൂൾ 61 അനുസരിച്ചു് താഴെ പറയുന്ന നോട്ടീസുകളും കിട്ടിയിട്ടുണ്ടു്. കൊല്ലം ജില്ലയിൽ കിളികൊല്ലൂരുള്ള ഏ. ടി. കെ. എം. ആർട്സ് ആൻറു് സയൻസ് കോളേജു് കഴിഞ്ഞ ഒരു മാസക്കാലമായി അടച്ചിട്ടിരിക്കുന്നതുകൊണ്ടു് അവിടത്തെ വിദ്യാർത്ഥികൾക്കു നേരിട്ടിരിക്കുന്ന ബുദ്ധിമുട്ടു പരിഹരിക്കുന്നതിനുവേണ്ടി നടപടികളെടുക്കണമെന്നു കാണിച്ചു് ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി ഒരു നോട്ടീസു് നൽകിയിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly